**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1088** **12.03.2015ൽ മറുപടിയ്ക്ക്**

# അടൂർ വിദ്യാഭ്യാസ ജില്ല

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ | ശ്രീ.പി.കെ.അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) അടൂർ വിദ്യാഭ്യാസ ജില്ല അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഉറപ്പ് നൽകിയിട്ടുണ്ടോ;<br>(ബി) നാളിതുവരെ ഈ വിഷയവുമായി ബന്ധപ്പെട്ട ഫയൽ നടപടിക്രമം ലഭ്യമാക്കാമോ;<br>(സി) നിലവിൽ ഈ വിഷയത്തിൽ ഉണ്ടായിട്ടുള്ള കാലവിളംബത്തിന്റെ കാരണങ്ങൾ എന്താണെന്നു വ്യക്തമാക്കാമോ;<br>(ഡി) അടൂരിൽ സമയബന്ധിതമായി വിദ്യാഭ്യാസ ജില്ല അനുവദിക്കുന്നതിന് ശ്രമമുണ്ടാകുമോ? | (എ) (ബി) (സി) & (ഡി) അടൂർ വിദ്യാഭ്യാസ ജില്ല അനുവദിക്കുന്നത് സംബന്ധിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിലേക്ക് അയച്ചു തന്ന പ്രൊപ്പോസൽ ശുപാർശ ചെയ്ത് ധനകാര്യ വകുപ്പിലേക്ക് അയച്ചിരുന്നു. എന്നാൽ ടി ശുപാർശ ധനകാര്യ വകുപ്പ് അംഗീകരിക്കുകയുണ്ടായില്ല. ധനകാര്യ വകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, അടൂർ വിദ്യാഭ്യാസ ജില്ല അനുവദിക്കേണ്ടതില്ല എന്ന് തീരുമാനമെടുത്തിട്ടുണ്ട്. ഹെഡ് മാസ്റ്റർമാർക്ക് ഡ്രായിംഗ് & ഡിസ്ബേഴ്സിംഗ് അധികാരം നൽകിയിട്ടുള്ളതിനാലും, ശമ്പള ബില്ലുകൾ SPARK മുഖേന ചെയ്യുന്നതിനാലും ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെ ജോലിഭാരം മുമ്പുള്ളതിനേക്കാൾ ലഘൂകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ഓഫീസ് ജോലികൾ കൂടുതൽ കാര്യക്ഷമമാക്കുവാൻ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിലാണ് അടൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസ് അനുവദിക്കേണ്ടതില്ല എന്ന തീരുമാനം സർക്കാർ കൈക്കൊണ്ടത്. |

സെക്ഷൻ ഓഫീസർ